**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 3648** **11/12/2018 -ൽ മറുപടിക്ക്**

## മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജിന്റെ തുടർ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | പ്രളയത്തിൽ തകർന്ന മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജിന്റെ തുടർ പ്രവർത്തനത്തിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | മൂന്നാർ ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനായി മൂന്നാർ എഞ്ചിനിയറിംഗ് കോളേജിലെ വർക്ക് ഷോപ്പ് കെട്ടിടത്തിൽ താൽക്കാലികമായി ക്ലാസ്സുകൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. 27/10/2018ലെ ജി.ഒ (ആർ.ടി) 1946/18/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് മൂന്നാർ എഞ്ചിനിയറിംഗ് കോളേജ് കോമ്പൗണ്ടിൽ മൂന്നാർ ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതി നായി 5.5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഫർണീച്ചർ ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കുമായി 3.57 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിന്റെ തുടർ പ്രവർത്തനത്തിനായി മൂന്നാർ ട്രൈബ്യൂണൽ പ്രവർത്തിച്ചിരുന്ന കെട്ടിടം ലഭ്യമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | മൂന്നാർ ഗവൺമെന്റ് കോളേജിനായി കെട്ടിടം കണ്ടെത്തുന്നതിനായി സ്ഥല പരിശോധന നടത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ മൂന്നാർ ട്രൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനമായെങ്കിലും ട്രൈബ്യൂണലിന്റെ ഫയൽ നടപടികൾ തീർക്കുന്നതിന് 6 മാസത്തെ കാലതാമസമുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. |

**സെക്ഷൻ ഓഫീസർ**